പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ . **4685**

20.10.2011 - ൽ മറുപടിയ്ക്ക്

## വാണിജ്യ നികുതി ഓഫീസുകൾ കാര്യക്ഷമമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. പി.സി. വിഷ്ണുനാഥ് | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) വാണിജ്യ നികുതി ഓഫീസുകൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (എ) വാണിജ്യ നികുതി ഓഫീസുകൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ആവശ്യമായ സ്റ്റാഫിനെ നിയമിച്ചിട്ടുണ്ട്. |
| (ബി) ചെക്കുകൾ യഥാസമയം ബാങ്കുകളിൽ നിന്നും മാറിയെടുക്കുവാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുമോ; | (ബി) റിട്ടേൺ സമർപ്പിക്കുന്നതിനൊപ്പം ഇ-പേയ്മെന്റ് മുഖേന നികുതി ഒടുക്കുന്ന സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളത്. ചെക്ക്പോസ്റ്റ് വഴിയുള്ള ചരക്കുനീക്കത്തിനാവശ്യമായ മുൻകൂർ നികുതിയും ഈ സംവിധാനത്തിലൂടെ ശേഖരിക്കുന്നു. ഇന്റലിജൻസ് വിഭാഗം കരുതൽ ശേഖരത്തിനായി പിരിക്കുന്നതുൾപ്പെടെയുള്ള വളരെക്കുറച്ച് മാത്രമേ ഇപ്പോൾ ചെക്ക് മുഖേന സ്വീകരിക്കുന്നുള്ളൂ. ഇവ യഥാസമയം ബാങ്കുകളിൽ നിന്നും മാറിയെടുക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. |

| | | | |
|---|---|---|---|
| (സി) | വാണിജ്യ നികുതി ഓഫീസുകൾ കലക്ടറേറ്റുകളുമായി യോജിച്ച് കൂടുതൽ കാര്യക്ഷമതയുള്ളതാക്കുമോ; | (സി) | റവന്യൂ റിക്കവറി അപേക്ഷകൾ വിവിധ കലക്ടറേറ്റുകളിലേയ്ക്ക് ഓൺലൈൻ ആയി സമർപ്പിച്ചുവരുന്നു. ഈ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഓഫീസുകളിലും ചെക്കുപോസ്റ്റുകളിലും മിന്നൽ പരിശോധനാ നടപടി ഊർജിതമാക്കുമോ? | (ഡി) | ഓഫീസുകളിലും ചെക്കുപോസ്റ്റുകളിലും മിന്നൽ പരിശോധനാ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.